# തെങ്ങിൻെറ 'ചങ്ങാതിക്കൂട്ടം' രണ്ടാംഘട്ട പരിശീലനം തുടരുന്നു

കൊച്ചി: യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിന് പുത്തൻമുഖം നൽകിയ 'ചങ്ങാതിക്കൂട്ട'ത്തിൻെറ രണ്ടാംഘട്ട പരിശീലന പദ്ധതി തുടരുന്നു.

കഴിഞ്ഞ വർഷം ആരംഭിച്ച പദ്ധതി വൻ വിജയമായതിനാലാണ് രണ്ടാംഘട്ട പരിശീലനം തുടങ്ങിയത്. സ്ഥിരവരുമാനം ആഗ്രഹിക്കുന്ന പതിനെട്ടിനും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിലേക്ക് പരിഗണിക്കുക. ഏഴാം ക്ലാസ് പാസായിരിക്കണം.

ഒരു ബാച്ചിൽ ഇരുപത് പേർക്ക് വീതം ആറ് ദിവസം നീളുന്ന സൗജന്യ പരിശീലനമാണ് നാളികേര വികസന ബോർഡ് ഒരുക്കിയിരിക്കുന്നത്. കേരളത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 5,000 പേർക്കാണ് ഈ വർഷം പരിശീലനം. തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, ഗോവ, ലക്ഷദ്വീപ്, ആൻഡമാൻ എന്നിവിടങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്ന 5,000 പേർക്ക് പരിശീലനം നൽകും.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പൻറും സൗജന്യമായി തെങ്ങുകയറ്റ യന്ത്രവും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ടൂവീലർ വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വായ്പാ സൗകര്യവും കിട്ടും. വാഹനവായ്പകൾക്ക് പരമാവധി 12,500 രൂപ വരെ സംസ്ഥാന സർക്കാരിൻെറ സബ്സിഡി ലഭിക്കും.

പരിശീലനം പൂർത്തിയാക്കിയ 'ചങ്ങാതിമാർ'ക്ക് വാഹന വായ്പയ്ക്കു വേണ്ട അപേക്ഷാഫോറം ഓൺലൈനിൽ കിട്ടും. യൂണിയൻ ബാങ്ക് വഴിയാണ് വായ്പാസൗകര്യം. ആവശ്യമുള്ളവർ അപേക്ഷാഫോറം പൂരിപ്പിച്ച് കൃഷിഓഫീസറുടെയോ പഞ്ചായത്ത് സെക്രട്ടറിയുടെയോ സാക്ഷ്യപത്രത്തോടുകൂടി ബോർഡിൽ സമർപ്പിക്കണം.

തുടക്കത്തിൽ 500 തെങ്ങിൻെറ ചങ്ങാതികൾക്ക് ബാങ്കിൻെറ വിവിധ ശാഖകൾ വഴി വായ്പ നൽകും.